For Private Circulation Only

May 2022

ആഗമനാരുണൻ

HOLY BIBLE

Vol.69

" എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടവരരുത്" (എഫെ.6:14)

No.5

മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നമ്മളിൽ

By Rich Carmicheal

ഈ പ്രാവശ്യത്തെ ആഗമന ദൂതന്റെ കേന്ദ്ര വഷയം മാനസാന്തരവും ഉണർവ്വും ആണ്. പരിശുദ്ധാത്മാവ് ചെയ്ത വളരെ പ്രധാനപ്പെട്ട ശുശ്രൂഷകൾ ഞങ്ങൾക്ക് അനുഭവിക്കുവൻ സാധിച്ചത് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ സന്ദേശങ്ങൾ വളരെ പ്രോത്സാഹനപരവും ശക്തിയോടെ ഓർമ്മപ്പെടുത്തുകയാണ്. ആത്മാവിന്റെ ഫലങ്ങളാൽ നിറയപ്പെട്ടതും ആത്മീക ജീവിതം നിറഞ്ഞു കവിയുന്നതുമായ ഒരു അവസ്ഥയാണ്. സന്ദേശങ്ങൾ എല്ലാം തന്നെ നമ്മോട് വിളിച്ച് പറയുന്നത് സ്വപരിശോധന നടത്തി മാനസാന്തരപ്പെട്ട് ദൈവത്തിന്റെ സമ്പൂർണ്ണത നമ്മുടെ ജീവിതത്തിലും ശുശ്രൂഷയിലും പ്രവർത്തിക്കുന്നതിന് തടസ്സം നില്ക്കുന്ന കാര്യങ്ങൾ കണ്ട് ഉണരുവാൻ വേണ്ടിയാണ്.

ഹെന്റി ബ്ലാക്ക്ബി ഒരു പംക്തിയിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ മാനസാന്തരം എന്നു പറഞ്ഞാൽ വളരെ സ്പഷ്ടമായി ദൈവത്തിൽ നിന്ന് പ്രഖ്യാപിക്കപ്പെട്ട വാക്കാണ്, എന്തുകൊണ്ടെന്നാൽ അവൻ വീണ്ടും വീണ്ടും ഓർമ്മപ്പെടുത്തുകയാണ് ദൈവരാജ്യം നമുക്ക് വളരെ അടുത്തായിരിക്കുന്നു. അത് നമ്മുടെ ജീവിതത്തിന്റെ വാതിൽക്കൽ ആയിരിക്കുന്നു. വേറൊരുതരത്തിൽ പറഞ്ഞാൽ നാം മാനസാന്തരപ്പെട്ട് കർത്താവിനോട് ചേർന്ന് നടക്കുമ്പോൾ നമുക്ക് അവനിൽ നിന്ന് പൂർണ്ണമായതും അസാധാരണമായതുമായേ ഒരു ജീവിതം നയിക്കുവാനുള്ള കൃപ ദൈവത്തിൽ നിന്നു പ്രതീക്ഷിക്കാം. ദൈവത്തിന്റെ പൂർണ്ണമായ സാന്നിധ്യവും ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ സമാധാനവും ദൈവത്തിൽ നിന്നുള്ള സന്തോഷവും ദൈവസ്നേഹവും അങ്ങനെ എല്ലാം അവനിൽ നിന്നു ലഭിക്കുന്നു.

ജീവനുള്ള ദൈവത്തിന്റെ നദികൾ

ഇവിടെ ഒരു സന്ദേഹത്തിന്റെയും ആവശ്യം ഇല്ല. കർത്താവ് എല്ലാവരുടെയും ഹൃദയത്തിൽ നിന്നു ജീവജലത്തിന്റെ നദികൾ ഒഴുകണമെന്ന് ആഗ്രഹിക്കുന്നിതിൽ അവന്റെ ആഗ്രഹം എന്നെക്കുറിച്ചും നിങ്ങളെക്കുറിച്ചും ആണ്. നാം എല്ലാവരും അവന്റെ ആത്മവിനാൽ ജീവിതങ്ങളിൽ നിറയപ്പെടേണം എന്നും നമ്മിൽ ആത്മാവിന്റെ ഫലങ്ങൾ ഉണ്ടാകണമെന്നും ഇവയിൽ കൂടി നാം അവനോട് കൂടെ അനുരൂപപ്പെടേണം എന്നതാണ് അവന്റെ ആഗ്രഹം. നാം അവിടുത്തെ വചനങ്ങളാൽ നിറയപ്പെടേണം എന്നും മറ്റുള്ളവരോട് അവന്റെ വചനം പറയുവാൻ തക്ക ധൈര്യം ഉള്ളവരുമായിതീരണം എന്നുമാണ്. അവിടുത്തെ ആഗ്രഹം നാം അവനിൽ ശക്തരായിരിക്കണമെന്നും അവന്റെ അമിതബലത്തിന്റെ ശക്തിയുള്ളവരുമായിരിക്കണം എന്നുമാണ്. (എഫെ. 6:10) അവന്റെ ശക്തിയാൽ ശുശ്രൂഷ ചെയ്യുവാൻ, നന്മകൾ ചെയ്യുവാനുള്ള ശക്തി പ്രാപിക്കുവാനും പ്രലോഭനങ്ങളെ അതിജീവിക്കുവാനും ഒരു ദൈവീക ജീവിതം നയിക്കുവാനും കൃപയുള്ളവരായിരിക്കണം.

അവൻ ആഗ്രഹിക്കുന്നത് നാം സ്നേഹത്തിൽ വേരൂന്നി ആഴത്തിൽ ഉളപ്പുള്ളവരുമായിതീരേണം (എഫെ 3:17), അതുപോലെ നമ്മുടെ സ്നേഹം വളരുന്നതും മറ്റുള്ളവരിലേക്ക് വ്യാപിക്കുവാൻ പര്യാപ്തവും ആയിരിക്കണം (1തെസ്സ.3:12). ക്രിസ്തുവിന്റെ സ്നേഹത്തിന്റെ പൂർണ്ണത നാം അറിയുന്നവരും അതിൽ നടക്കുന്നവരും ആയിരിക്കേണം – അതിന്റെ വീതി, നീളം, ആഴം, ഉയരം– അറിവന്റെ പരിമിതികളെ മറികടക്കുന്ന ഒരു സ്നേഹ മാണ് (എഫെ. 5:2, 3:18,19).

നമ്മുടെ ജീവിതങ്ങളിൽ പൂർണ്ണമായ സ്നേഹം നിറയപ്പെട്ടിരിക്കണം. പാടുവാനും ദൈവത്തെ സ്തുതിക്കുവാനും നമ്മെ ശക്തീകരിക്കുന്ന ഒരു സന്തോഷം (സങ്കീ. 65:13). സന്തോഷം അത് എല്ലാ അതിരുകളും മറികടന്ന് മുന്നേറുന്നതും എന്നും നിലനിൽക്കുന്നതുമായതും വർണ്ണിക്കുവാൻ സാധിക്കാത്തതും മഹത്വത്തിന്റെ സമ്പൂർണ്ണമായതും ആണ് (സങ്കീ. 43:4, യെശ. 35:10, 1പത്രോ. 1:8).

നാം സമാധാനം നിറയപ്പെട്ടവരും അത് നമ്മെ എല്ലാ ഭാരങ്ങളിൽ നിന്നും ഭയത്തിൽ നിന്നും രക്ഷിക്കുന്നതും ആയിരിക്കണം (യോഹ. 14:27). എല്ലാ ജ്ഞാനത്തേയും ജയിക്കുന്നതും ആയിരിക്കണം(ഫിലി. 4:7).

ക്രിസ്തു നമ്മിൽ

ഈ തകർന്ന ലോകത്തിൽ നാം ജീവിക്കുമ്പോൾ അനേകം പ്രശ്നങ്ങൾ അഭിമുഖീകരിക്കുമ്പോൾ എങ്ങനെയാണ് ചില കാര്യങ്ങൾ ഒക്കെയും സാധ്യമായി തീരുന്നത്? ഇതിനുള്ള ഉത്തരം വളരെ ലളിതമാണ്. ആത്മാവിന്റെ ഫലങ്ങളും സമ്പൂർണ്ണതയും ക്രിസ്തുവിൽ നിന്നു നമ്മിലേക്കു വരുന്നു. നാം ക്രിസ്തുവിൽ വസിക്കുമ്പോൾ, നമ്മിൽ സാധാരണമായിട്ടോ (അസാധാരണമായിട്ടോ) അവന്റെ ജീവിതവും അവന്റെ മഹത്വത്തിനായിട്ടുള്ള ആത്മാവിന്റെ ഫലങ്ങളും പുറത്തേക്കു ഒഴുകുന്നു (യോഹ. 15:4–8). വേറൊരു തരത്തിൽ പറഞ്ഞാൽ അവനെ കൂടാതെ നമുക്ക് ഒന്നും ചെയ്വാൻ സാധ്യമല്ല (വാക്യം 5).

ദിനം തോറുമുള്ള ധ്യാനത്തിൽ ഓസ് വാൾഡ് ചെമ്പേയ്സ് പറഞ്ഞിരിക്കുന്നത്, ഞാൻ വെറുതെ യേശുവിന്റെ അടുത്തേക്ക് വന്നാൽ, എന്റെ യഥാർത്ഥ ജീവിതം എന്റെ യഥാർത്ഥ ആഗ്രഹത്തിന്റെയും ഒരു സംയമനം ആയിതീർന്നേക്കാമായിരുന്നു. ഞാൻ പാപത്തിൽ നിന്നു അവസാനിപ്പിക്കുകയും എന്റെ ജീവിതത്തിൽ ദൈവത്തിന്റെ പാട്ട് പാടുവാൻ തുടങ്ങുകയും ചെയ്യും. യേശുവുമായിട്ട് വ്യക്തിപരമായ എല്ലാ തലങ്ങളിലും സ്ഥാപിക്കുകയും അത് എന്നിൽ മാറ്റങ്ങൾ വരുത്തുകയും ചെയ്യുന്നു.

ഹെന്റി ബ്ളാക്ക് ഇതേ വസ്തുത വേറൊരുതരത്തിൽ പറഞ്ഞിരിക്കുന്നു. ക്രിസ്തുവിനോട് കൂടെ യാത്ര ചെയ്യുന്നതു ദൈവസ്തുതി അനുഭവിക്കുന്നതു ആത്മീക വീക്ഷണത്തിൽ അസാദ്ധ്യമായതാണ്. താങ്കൾ പുനരുത്ഥാനത്തിന്റെ ശക്തി അനുഭവിക്കുന്നവൻ ആണോ? നിങ്ങൾ ക്രിസ്തുവുമായിട്ടുള്ള കൂട്ടാ

(ശേഷം 8–ാംപേജിൽ)

മാനസാന്തരപ്പെടുക ദൈവരാജ്യം സമീപിച്ചിരിക്കുന്നു

By Henry Balckaby

യേശുക്രിസ്തുവിന്റെ പ്രസംഗത്തിന്റെ സാരാംശം എന്താണ്? ദൈവപുത്രൻ അവിടുത്തെ പിതാവിന്റെ ഹൃദയത്തിൽ ഉണ്ടായിരുന്ന കാര്യങ്ങളാണ് പ്രസംഗിച്ചത്, ആദ്യത്തെ വാക്ക് പോലും അവന്റെ വായിൽ നിന്നു പുറത്തേക്ക് വന്നത് മാനസാന്തരപ്പെടുക (മത്താ. 4:17) ആയിരുന്നു. ഇതാണ് യേശുക്രിസ്തുവിന്റെ പ്രസംഗത്തിന്റെ സാരാംശം.

നമ്മുടെ കർത്താവായ യേശുക്രിസ്തു നമ്മുടെ അടുക്കലേക്കു വന്നപ്പോൾ, പ്രധാനപ്പെട്ട സന്ദേശങ്ങൾ തന്റെ ജനത്തിനുവേണ്ടി ഉണ്ടായിരുന്നു. ഞാൻ ഈ രാജ്യത്തു ലോകത്തിന്റെ വിവിധ ഇടങ്ങളിലേക്കു യാത്ര ചെയ്യുമ്പോൾ, ചില പ്രധാനപ്പെട്ട വസ്തുതകൾ ഞാൻ ശ്രദ്ധിക്കാറുണ്ട്. ദൈവജനങ്ങൾ മാനസാന്തരത്തിന്റെ പ്രസംഗങ്ങൾക്ക് യാതൊരു പ്രാധാന്യവും കൊടുക്കുന്നില്ല. അവർ എല്ലാവരും പാപത്തിൽ ജീവിക്കുന്നു. എന്നിട്ടു, അവർ ഉണർവ്വിനായിട്ടാണ് കരയുന്നു. ദൈവം പറയുന്നത് ഇല്ല ഇല്ല എന്നാണ്. നിങ്ങൾ മുഴുവൻ പാപത്തിലാണ്. ഞാൻ ആഗ്രഹിക്കുന്നത് നീ അറിയണം. അതായത് " രക്ഷിപ്പാൻ കഴിയാത വണ്ണം യഹോവയുടെ കൈ കുറുകിട്ടില്ല. കേൾപ്പാൻ കഴിയാതവണ്ണം അവന്റെ ചെവി മന്ദമായിട്ടുമില്ല. നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളെയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ ഭിന്നിപ്പിക്കുന്നത് " (യെശ. 59:1). നിന്റെ ഹൃദയത്തിൽ പാപത്തെ കാത്തു സൂക്ഷിക്കുന്നു എങ്കിൽ കർത്താവ് നിന്റെ പ്രാർത്ഥന കേൾക്കുന്നില്ല എന്നല്ലെ അവൻ നിന്നോട് പറയുന്നത്? തീർച്ചയായിട്ടും ഒരു ദൈവദാസൻ പറയണം ദൈവജനത്തിന്റെ പാപജീവിതത്തെ അവർക്ക് ബോധ്യപ്പെടുത്തുന്നതിൽ ഞാൻ നല്ല വണ്ണം പ്രയത്നിക്കുന്നു എന്ന്.

ചില ആൾക്കാർ ചിന്തിക്കുന്നത് ഉണർവ്വിനുവേണ്ടി പ്രാർത്ഥിക്കുമ്പോൾ അവിടെ മാനാസന്തരത്തിനു പകരമായിട്ട് അതു പ്രവർത്തിക്കുന്നുവെന്ന് അതായത് ഏതെങ്കിലും നിലയിൽ ദൈവത്തെ പ്രസാദിപ്പിക്കൂ അവിടുന്ന് ശക്തിയോടെ ജനത്തിന്റെ മദ്ധ്യേ വരുവാൻ. ദൈവം ഇപ്രകാരമാണ് അതിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത്: ഞാൻ അനാദിയായിട്ട് ഇവിടെ ഉള്ളവനാണ്. ഞാൻ എന്റെ ശക്തിയെ സ്വർഗ്ഗത്തിൽ ഉപേക്ഷിക്കുന്നില്ല. പ്രശ്നം എന്റേത് അല്ല. അത് നിങ്ങളുടേതാണ്. എന്റെ സാന്നിദ്ധ്യത്തെ എങ്ങനെ അംഗീകരിക്കണമെന്ന് നിനക്ക് അറിഞ്ഞ് കൂടാ. നിങ്ങൾ എന്നോട് പ്രതികരിക്കുന്നില്ല. ദൈവത്തിന്റെ സകല സമ്പൂർണ്ണമായവൻ, സഭയുടെ തലയായ അവിടുത്തെ പുത്രനിൽ അധിവസിക്കുന്നു. കാര്യം എന്താണെന്ന് ചോദിച്ചാൽ നാം അത് ശരിയായ വിധത്തിൽ വിനിയോഗിക്കുന്നില്ല എന്നതാണ്. നാം അവിടുത്തെ ശക്തിയെയും സാന്നിദ്ധ്യത്തെയും എതിർക്കുന്നില്ല.

മാനസാന്തരപ്പെടുക ഒരു വാസ്തവികമായ വാക്ക്

യേശുക്രിസ്തുവിന്റെ ഹൃദയത്തിൽ നിന്നും തന്റെ ജനത്തോടുള്ള ആദ്യത്തെ വാക്ക് മാസാന്തരപ്പെടുക എന്നതായിരുന്നു. അത് ഒരിക്കലും ഒരു നിഷേധരൂപമായ വാക്ക് അല്ല. ഇത് ദൈവത്തിന്റെ ഹൃദയത്തിൽ നിന്നുള്ള ഒരു വാസ്തവിക മായ വാക്ക് ആയിരുന്നു.

(ശേഷം 3-ാംപേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം. " ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു. ഇതാ ഞാൻ നിന്റെ മുമ്പിൽ ഒരു വാതിൽ തുറന്നു വെച്ചിരിക്കുന്നു. അതു ആർക്കും അടെച്ചുകൂടാ. നിനക്കു അൽപമേ ശക്തിയുള്ളൂ എങ്കിലും നീ എന്റെ വചനം കാത്തു. എന്റെ നാമം നിഷേധിച്ചിട്ടില്ല. ഞാൻ വേഗം വരുന്നു. നിന്റെ കിരീടം ആരും എടുക്കാതിരിപ്പാൻ തക്കവണ്ണം നിനക്കുള്ളതു പിടിച്ചുകൊൾക. ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിൽ ഒരു തൂണാക്കും" (വെളി. 3-8,11,12) .

ഏപ്രിൽ മാസം നമ്മെ വിട്ട് കടന്നുപോയി. മേയ് മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

ദൈവം സമൃദ്ധിയായി നിങ്ങളെ അനുഗ്രഹിക്കുവാൻ ആഗ്രഹിക്കുന്നു. ദൈവമുഖത്തേയ്ക്കു നോക്കുക. നിങ്ങളുടെ ആവശ്യങ്ങൾ എന്ത് എന്ന് ദൈവം അറിയുന്നു. നമ്മുടെ ജീവിതത്തിൽ എന്തെല്ലാം പ്രശ്നങ്ങൾ നേരിട്ടാലും നിങ്ങൾ കുലുങ്ങാതെ ദൈവത്തിൽ ആശ്രയിച്ച് ഉറച്ചു നിൽക്കണം. സകല കാര്യത്തിലും നിങ്ങൾ ദൈവമുമ്പാകെ വിശ്വസ്തരായിരുന്നാൽ തക്കസമയത്ത് ദൈവം നിങ്ങളെ സമൃദ്ധിയായി അനുഗ്രഹിക്കും. നാം ചെയ്യുന്ന സകലത്തിലും നാം വിശ്വസ്തരായിരുന്നാൽ ദൈവം നമ്മെ സഹായിക്കുകയും സമൃദ്ധിയായ അനുഗ്രഹങ്ങളാൽ നിറയ്ക്കുകയും ചെയ്യും.

നിങ്ങളുടെ ജീവിതത്തിൽ പലവിധമായ പ്രശ്നങ്ങൾ നേരിടുന്നുണ്ടാവാം. നിങ്ങളുടെ പ്രശ്നങ്ങളുടെ മദ്ധ്യത്തിലും ദൈവം തന്റെ ദിവ്യസമാധാനത്താൽ നിറയ്ക്കും. അതുകൊണ്ട് നാം എല്ലായ്പ്പോഴും ദൈവത്തെ സ്തുതിക്കണം. കർത്താവ് നമ്മോട് കൂടെയിരുന്ന് നമ്മെ കൈപിടിച്ച് നടത്തും.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

16

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

(2-ാംപേജിന്റെ തുടർച്ച)

മാനസാന്തരപ്പെടുക ദൈവ രാജ്യം സമീപിച്ചിരിക്കുന്നു

എന്തുകൊണ്ടെന്നാൽ ദൈവം എപ്പോഴും ഇതിനെ കൂട്ടി ചേർത്താണ് പറഞ്ഞിരിക്കുന്നത്. മാനസാന്തരപ്പെടുക സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു. വേറൊരു തരത്തിൽ പറഞ്ഞാൽ മാനസാന്തരപ്പെടുക എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ രാജ്യം നിന്റെ ഏറ്റവും അടുത്ത് ആയിരിക്കുന്നു. നിന്റെ ജീവിതത്തിലേയ്ക്ക് അത് തുറന്ന് പ്രവേശിക്കട്ടെ.

ശരിയായ മാനസാന്തരം അത് ഒരു മുന്നറിയിപ്പായിരിക്കും. നിങ്ങളുടെ ജീവിതം തെറ്റായ ദിശയിലാണ് യാത്രചെയ്തുകൊണ്ടിരിക്കുന്നത് എന്ന്. നിങ്ങളെ ബോദ്ധ്യപ്പെടുത്തുവാൻ ശക്തി ഉള്ളതാണ്. നിങ്ങളുടെ ജീവിതത്തിൽ എന്തുകൊണ്ട് ശക്തി ഇല്ലാത്തത് എന്ന് അറിയാമോ? താങ്കൾ തെറ്റായ ദിശയിലാണ്. പൊയ്ക്കൊണ്ടിരിക്കുന്നത്. ആത്മീക ജീവിതത്തിൽ ഇത് ഒരിക്കലും സാധ്യമല്ല ക്രിസ്തു വിനോട് കൂടെ യാത്രചെയ്യുകയും അതെ സമയം ദൈവശക്തി അനുഭവിക്കാതെ ഇരിക്കുക എന്നതും

ശിഷ്യന്മാർ അവർ ചെയ്തു കൊണ്ടിരുന്നതു ഉപേക്ഷിക്കപ്പെടുവാനും അവനോടു കൂടെ യാത്ര ചെയ്യുവാനും നിർബന്ധിതരായി തീർന്നു. അങ്ങനെ അല്ലെ അവർ ചെയ്തത്? പത്രോസിന് തന്റെ മീൻപിടിക്കുന്ന പടകിൽ സർവ്വശക്തനായ ദൈവത്തിന്റെ ശക്തിയും സാന്നിദ്ധ്യവും അറിയുവാൻ കഴിഞ്ഞിരുന്നില്ല. അവന് യേശുവിനോടു കൂടെ യാത്ര ചെയ്യേണ്ടിവന്നു. അവൻ ആയിരുന്ന സ്ഥലത്തേക്ക്. കാരണം നമ്മിൽ പലരും ദൈവത്തിന്റെ സാന്നിദ്ധ്യവും ശക്തിയും അനുഭവിച്ച് അറിയുന്നില്ല എങ്ങനെയാണ് വ്യക്തമായിട്ട് ദൈവശക്തി പ്രവർത്തിക്കുന്നതെന്ന്. വ്യക്തതയോട് നിരീക്ഷിക്കുകയാണെങ്കിൽ മനസ്സിലാക്കുവാൻ സാധിക്കുന്നു. നാം എല്ലാവരും നമ്മുടെ പാതയിൽ സഞ്ചരിക്കുകയും യേശുവിന് നമ്മുടെ കൂടെ ചേരുവാൻ നിർബന്ധിക്കുകയും ചെയ്യുന്നു.

ദൈവവചനം മനസ്സിലാക്കുക

പിതാവിന്റെ അടുക്കലേക്കു യേശു കർത്താവ് മടങ്ങിപോകുന്നതിനു മുമ്പെ തന്റെ ശിഷ്യന്മാരോട് അവസാന നിർദ്ദേശങ്ങൾ നല്കുന്നു. തിരുവെഴുത്തുകളെ തിരിച്ചറിയേണ്ടതിനും അവരുടെ ബുദ്ധിയെ തുറുന്നു (ലൂക്കോ. 24:45). നിങ്ങളുടെ പ്രധാനപ്പെട്ട സമയങ്ങൾ ദൈവവചനത്തിന്റെ മുമ്പാകെ ഇരിക്കുന്നുവോ തിരുവെഴുത്തുകളെ തിരിച്ചറിയേണ്ടതിനു ബുദ്ധിയെ തുറക്കുന്നതിനു അങ്ങനെ നിങ്ങളുടെ സമയം ദൈവവചനത്തിൽ ദൈവത്തോട് മുഖാമുഖം ദർശിക്കുവാനും സാധിക്കുന്നുണ്ടോ? ദൈവത്തിനു നിങ്ങലുടെ മനസ്സിനെയും വചനത്തിനു നിങ്ങളുടെ ഹൃദയത്തോടു സ്പർശിക്കുവാൻ ഉള്ള അവസരം ഒരുക്കികൊടുക്കുന്നുണ്ടോ?

കർത്താവായ യേശു തന്റെ ശിഷ്യന്മാർ പിതാവായ ദൈവത്തിനു വേണ്ടി ലോകവ്യാപകമായിട്ട് പ്രവർത്തിക്കേണ്ടിതിനുവേണ്ടി അവരിൽ നിലനിൽക്കേണ്ടതായിട്ട് താൻ ചിന്തിച്ചതും അതു വേറെയാതൊന്നും അല്ലായിരുന്നു. അത് ദൈവവചനം അവർ മനസ്സിലാക്കുക എന്നുള്ളതായിരുന്നു. ദൈവം അവർക്കായിട്ട് വെളിപ്പെടുത്തിയ കാര്യങ്ങളുടെ പ്രവർത്തനവും ലക്ഷ്യവും അവർ പ്രാപിച്ചിരിക്കണമെന്നുള്ളതായിരുന്നു. ഇവാഞ്ചലിക്കൽ ക്രിസ്ത്യൻ ഹുമാനിസ്യം എന്ന് ഞാൻ വിളിക്കുന്നതിനെക്കാൾ അധികം ആയിട്ട് ധാരാളം ദൈവമക്കൾ പ്രവർത്തിക്കുന്നുണ്ട്. വചനപ്രകാരം അല്ല, സ്വന്തം ഹൃദയപ്രകാരവും സ്വന്തം ആലോചനപ്രകാരവും ആണ്. വോകത്തിന് നമ്മുടെ ഏറ്റവും നല്ല ചിന്തകളോ ജ്ഞാന ഉപദേശങ്ങളോ അല്ല വേണ്ടത്, ദൈവം വെളിപ്പെടുത്തിയ ചിന്തകളാണ് ലോകത്തിന് ആവശ്യമായിരിക്കുന്നത്.

ഇവിടെ നോക്കാം എന്താണ് യേശു ചെയ്തതെന്ന്: പിന്നെ അവൻ അവരോടു ഇതാകുന്നു നിങ്ങളോടുകൂടെ ഇരിക്കുമ്പോൾ ഞാൻ പറഞ്ഞവാക്ക്. മോശെയുടെ ന്യായ്പ്രമാണത്തിലും പ്രവാചകപുസ്തകങ്ങളിലും സങ്കീർത്തനങ്ങളിലും എന്നെക്കുറിച്ചു എഴുതിയിരിക്കുന്നതു ഒക്കെയും നിവർത്തിയാകേണം എന്നുള്ളതു തന്നേ എന്നു പറഞ്ഞു. അതു തിരുവെഴുത്തുകളെ തിരിച്ചറിയേണ്ടതിനു അവരുടെ ബുദ്ധിയെ തുറന്നു. ക്രിസ്തു കഷ്ടം അനുഭവിക്കുകയും മൂന്നാം നാൾ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു (ലൂക്കോ.24:44-46). ഞാൻ ഇത് വായിച്ചപ്പോൾ ഇപ്രകാരം പറയുവാൻ തുടങ്ങി. ഈ ക്രിസ്തു എന്റെ ജീവിതത്തിൽ വസിക്കുന്നു. അതു

(ശേഷം 4-ാംപേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

(3-ാംപേജിന്റെ തുടർച്ച)

മാനസാന്തരപ്പെടുക ദൈവ രാജ്യം സമീപിച്ചിരിക്കുന്നു

കൊണ്ട്, വളരെ പ്രധാനപ്പെട്ട. ചിലത് എന്നിലും സംഭവിക്കുന്നു. പൗലൊസ് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "ഞാൻ ക്രിസ്തുവിനോട് കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു " (ഗലാ. 2:20). അവൻ വെറുതെ ഇങ്ങനെ അല്ല പറയുന്നത്, ക്രിസ്തു എനിക്ക് വേണ്ടി ക്രൂശിക്കപ്പെട്ടിരിക്കുന്നുവെന്ന്. അവൻ പറയുന്നത്, ഞാൻ ക്രിസ്തുവിനോട് കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. എന്നാൽ അവൻ വീണ്ടും കൂട്ടിചേർത്തിരിക്കുന്നു. ഇനി ജീവിക്കുന്നതു ഞാനല്ല. ക്രിസ്തു മരിച്ചുവോ? അവൻ വീണ്ടും ഉയിർത്തെഴുന്നേറ്റോ? ഉയിർത്തെഴുന്നേറ്റവനും ജീവിക്കുന്നവനുമായ ക്രിസ്തുവിന്റെ ജീവൻ നിങ്ങളുടെ ജീവിതത്തിൽ വേലിയേറ്റം നടത്തിയിട്ടുണ്ടോ? ക്രൂശിൽ നിന്ന് ദൈവം ഏതെങ്കിലും ശക്തി നല്കിയോ നിന്റെ പാപത്തിന്റെ പരിണിതഫലങ്ങളിൽ നിന്നു വിജയം നേടുന്നതിനു പാപത്തിന്റെ ശക്തിയെ തകർത്തു വീണ്ടും നേടുന്നതിനും ഇവിടെ ഉയിർപ്പിനു (പുനരുത്ഥാനത്തിന്റെ) ശക്തി ഇല്ലെങ്കിൽ പാപം ജയിക്കും. എന്നാൽ ക്രിസ്തു മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റു, അതുപോലെ ഇതെ ശക്തി യാണ് ക്രിസ്തുവിനെ മരണത്തിൽ നിന്ന് ഉയിർപ്പിച്ചതും വിശ്വസിക്കുന്ന ഏവർക്കും ഈ ശക്തിയാണ് നല്കപ്പെട്ടിരിക്കുന്നത് (എഫെ. 1:18-21). പുനരുത്ഥാനത്തി ന്റെ ശക്തി നിങ്ങൾ അനുഭവിക്കുന്നുണ്ടോ? താങ്കൾ ക്രിസ്തുവിനോട് കൂടെ കൂട്ടായ്മ ആചരിക്കുന്നവൻ ആണെങ്കിൽ, അവൻ ചെയ്തതു നിങ്ങളും അനുഭവിക്കുവാൻ പോകയാണ്.

നമ്മുടെ സമൂഹത്തിന്റെ എല്ലാ ഭാഗങ്ങളിലും, ദൈവജനത്തെ മാനസാന്തരപ്പെടുത്തുന്നതിനുള്ള ശക്തമായ ഒരു സന്ദേശവും ആയിട്ട് നിങ്ങൾ വരുന്നുവെങ്കിൽ, അവർ നിങ്ങളോട് വളരെ പരുപരുത്ത സ്വഭാവത്തിൽ ആയിരിക്കും പെരുമാറുന്നത്. ദൈവരാജ്യം മുഴുവനും അവരെ അനുഗ്രഹിക്കുവാൻ കാത്തിരിക്കുകയാണ് എന്നുള്ള സന്ദേശം ശ്രവിക്കുവാനാണ് അവരുടെ ആഗ്രഹം. എന്നാൽ ദൈവരാജ്യം വച്ചിരിക്കുന്ന മുൻ ഉപാധിയെന്നത് മാനസാന്തരപ്പെടുക എന്നുള്ളതാണ്. നമ്മുടെ ജീവിതത്തെ അവനുമായിട്ട് കൂട്ടി ചേർത്ത് മുമ്പോട്ട് പോകേണം. ദൈവത്തിന്റെ ഹൃദയം നിങ്ങളോടും എന്നോടും ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ട് അത് നമ്മുടെ പാപത്തെ നമുക്ക് വെളിപ്പെടുത്തുന്നു. അവന്റെ മരണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സാരാംശം ഇതാണ്.

മാനസാന്തരവും ഉണർവ്വും

ഉണർവ്വ് സംഭവിക്കുമ്പോൾ ദൈവത്തിന്റെ സമ്പൂർണ്ണത ദൈവജനത്തിലേക്കു വരണം എന്തുകൊണ്ടെന്നാൽ അങ്ങനെ അവർ യാത്ര ചെയ്തുകൊണ്ടിരുന്ന പാതകളിൽ നിന്ന് മാനസാന്തരപ്പെട്ട് മടങ്ങി വന്ന് അവന്റെ കൂടെ അവർ എവിടെ ആയിരിക്കണം എന്നുള്ളതു ഗ്രഹിക്കുവാൻ സാധിക്കും. നാം ദൈവവും ആയിട്ട് ശരിയായ നിലയിൽ ആയി തീരുമ്പോൾ, അപ്പോൾ നാം ദൈവത്തിന്റെ അത്യന്തമായ ശക്തിയും സാന്നിധ്യവും അനുഭവിച്ചറിയും. കർത്താവിന്റെ ശക്തി നമ്മിൽ വെളിപ്പെടുന്നതിനു മുമ്പ് നാം അവനോട് യാചിക്കേണം അവിടുന്ന് എന്നിലേക്ക് വന്നു എന്നെ ശുദ്ധീകരിക്കുകയും എന്നെ അങ്ങയുടെ മുമ്പാകെ വിശുദ്ധീകരിക്കുകയും അങ്ങനെ നാം മറ്റുള്ളവരുടെ മുമ്പാകെ നില്ക്കുവാൻ അവിടുന്ന് ഏത് നിലയിൽ ഉള്ള വ്യക്തിയായിരിക്കണം എന്നുള്ളത് അവിടുത്തെ ഹിതപ്രകാരമുള്ള ഒരു വ്യക്തിയാക്കി ജീവിതത്തിൽ കൂടിയും ദൈവത്തിന്റെ ശക്തി പ്രവർത്തിക്കുന്നില്ലെങ്കിൽ, അപ്പോൾ നിങ്ങൾ കർത്താവിനോട് ചോദിക്കേണ്ടിയിരിക്കുന്നു. എന്നെ വിടുവിക്കേണമേ, എന്നെ സ്വതന്ത്രനാക്കി തീർക്കേണമേ. ഇതാണോ നിങ്ങളുടെ മനസ്സിലുള്ളത്? നിങ്ങളുടെ ഹൃദയത്തിൽ? നിങ്ങളുടെ പ്രവർത്തികൾ? ദൈവത്തിന്റെ വിശുദ്ധിക്കു നിരക്കാത്തതെന്താണ് ഇപ്പോൾ നിങ്ങളിലുള്ളത്?

മാനസാന്തരപ്പെടുക എന്നു പറഞ്ഞാൽ അർത്ഥം ആക്കുന്നത്, എന്താണ് ഒ ദൈവമേ, താല്ക്കാലികമായതോ, ശ്രദ്ധ ഇല്ലാതെയോ ദൈവത്തിന്റെ കൂടെ നടക്കുവാൻ എന്നെ അനുവദിക്കരുത്. അങ്ങയുടെ വ്യക്തമായ സാന്നിധ്യവും ശക്തിയും എന്റെ ജീവിതത്തിൽ ഇല്ലാതെ സംതൃപ്തിയോടുകൂടിയ ഒരു ജീവിതം ഉണ്ടാകുവാൻ എന്നെ അനുവദിക്കരുത്. അവിടുത്തെ പ്രവർത്തികൾ എന്നിൽ നടക്കുന്നതിന് തടസ്സമായത് എന്താണെന്ന് എനിക്ക് വെളിപ്പെടുത്തുകയില്ലെ? വേഗത്തിൽ ഞാൻ അത് ഓർത്തു മാനസാന്തരപ്പെടും.

നമ്മളിൽ പലരും ദൈവമുമ്പാകെ പൂർണ്ണമായിട്ട് സമർപ്പിക്കാതെ ഒരു പ്രാർത്ഥനയാൽ ഒഴിഞ്ഞ് മാറുന്നത് സ്വാഭാവികമാണല്ലോ. ഒരുതരത്തിൽ നാം അതു ചെയ്യുവാൻ താല്പര്യപ്പെടുന്നില്ല. കർത്താവേ, ഞാൻ എനിക്കുള്ളതെല്ലാം നിനക്കുള്ളതിലേയ്ക്കു സമർപ്പിക്കുന്നു. നിങ്ങളിൽ ചിലർ പറഞ്ഞേക്കാം. ഞാൻ പഴയ രീതിയിൽ ജീവിക്കുകയില്ല. ഞാൻ ദൈവവും ആയിട്ട് ഒരു പുതിയ നിലയിലുള്ള കൂട്ടായ്മയിൽ കൂടി മുന്നോട്ടു ജീവിക്കുവാൻ പോകുകയാണ്. ഞാൻ ദൈവത്തിന്റെ മുമ്പിൽ ഒരു പുതിയ വ്യക്തിത്വം ഉള്ളവനാകുവാൻ ആഗ്രഹിക്കുന്നു.

യേശു, മനുഷ്യരെ ഓർത്തു കരഞ്ഞു. അവർ അധികം താമസിക്കാതെ തന്നെ അവിടുത്തേക്ക് മാനസാന്തരത്തോടെ മടങ്ങി വന്നു ഒരു പ്രത്യേകമായ ദൈവരാജ്യം മുഴുവൻ അവരിൽ കൂടി പ്രവർത്തിക്കുന്നതിനായും സകല റോമാസാമ്രാജ്യത്തെ തലകീഴാക്കി മറിക്കുന്ന അനുഭവമുള്ളവരാക്കി തീർക്കുന്നവരായി മാറുകയും ചെയ്തു. നീ അവനെ വളരെ പ്രയാസം ഉള്ളതാക്കി തീർത്തില്ല. നീ ഇത്ര യും പറഞ്ഞതെ ഉള്ളൂ, നീ എന്റെ കൂടെ യാത്ര ചെയ്യുമോ? മത്സ്യ ബന്ധനത്തിൽ ഏർപ്പെട്ടിരുന്ന തന്റെ ശിഷ്യന്മാർ പെട്ടെന്ന് അവനോട് കൂടെ ചേർന്ന് നിന്നു, അവരുടെ ജീവിതത്തിൽ ആദ്യമായിട്ട് അവർക്ക് വ്യക്തമായിട്ട് അനുഭവിച്ചറിയുവാൻ സാധിച്ചു. നിന്റെ ദൈവരാജ്യത്തിന്റെ ശക്തി അന്ധന് കാഴ്ചയായി തീർത്തതും, കുഷ്ഠരോഗികളെയും ജനത്തെയും സൗഖ്യം ആക്കിയപ്പോഴും കാറ്റിനെ ശാന്തമാക്കിയപ്പോഴും.

ഓ, ദൈവമേ ഞങ്ങൾ അങ്ങയുടെ കൂടെ ആയിരിക്കുവാൻ ആഗ്രഹിക്കുന്നു. അങ്ങനെ ഞങ്ങളെ നിങ്കലേയ്ക്കു നല്കുന്നു. ഞങ്ങൾ നിങ്കൽ നിന്ന് അതിശക്തമായ അളവിൽ കേട്ടതു പോലെ ഞങ്ങൾ അങ്ങയുടെ അടുത്തേക്ക് മടങ്ങി വരുന്നു. ഞങ്ങൾ എന്താണ് മാനസാന്തരപ്പെടേണ്ടത് എന്ന് അവിടുന്ന് കാണിക്കുന്നു. ലോകം വീക്ഷിക്കുമ്പോൾ അവർക്ക് ബോധ്യപ്പെടട്ടെ അവിടുന്ന് ജനത്തെ ഉണർവ്വിലേക്കു നയിക്കുമ്പോൾ എന്താണ് അവരിൽ സംഭവിക്കുന്നതെന്നും നശിച്ചുകൊണ്ടിരിക്കുന്ന ലോകത്തിന് രക്ഷകനായ യേശുക്രിസ്തു വിനെ ഞങ്ങളിൽ കാണുകയും അവർ നിന്നിലേയ്ക്ക് ആകർഷിക്കപ്പെടുകയും ചെയ്യട്ടെ.

❖

പുതുജീവനെ പ്രദാനം ചെയ്യുന്ന ആത്മാവ്

By Horatius Bonar (1808 -1889)

ദൈവം നമ്മെ ഒരു പുതിയ ജീവനായിട്ടാണ് വിളിച്ചിരിക്കുന്നത്. ജീവിതത്തിൽ ആവശ്യമായ യാതൊരു പുതിയ തലങ്ങളല്ല ഇത്, ചില സ്വഭാവ സവിശേഷതകളോ അല്ലെങ്കിൽ വഴികളോ അല്ലെങ്കിൽ പ്രചോദനങ്ങൾ അല്ലെങ്കിൽ മുൻകരുതലുകളുള്ള ഏതെങ്കിലും വസ്തുതകളിലേക്കോ അല്ല, എന്നാൽ ഒരു പുതിയ ജീവിതം. ഇതിനെ പ്രാവർത്തികം ആക്കുവാൻ പരിശുദ്ധാത്മാവ് ശക്തിയോട് കടന്നുവന്നു, മനുഷ്യരുടെ ആത്മാവിലേക്ക് വന്നു അവിടെ വസിക്കുവാൻ തുടങ്ങി, അത് അവനെ തന്റെ പഴയതിൽ നിന്ന് പുതിയതിലേക്ക് കൊണ്ടുവന്നു.

ഒരു ദൈവപൈതൽ ക്രിസ്തുവിനോട് കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. അവൻ അവന്റെ കൂടെ മരിച്ചു, അവനോട് കൂടെ ക്രൂശിക്കപ്പെട്ടു, അവനോട്കൂടെ ഉയിർത്തെഴുന്നേറ്റു, അവനോട് കൂടെ സ്വർഗ്ഗാരോഹണം ചെയ്തു, കൂടെ ഇരുത്തി സ്വർഗ്ഗത്തിൽ അവന്റെ കൂടെ (റോമ. 6:3-8; ഗലാ. 2:20;എഫെ. 2:5,6; കൊലൊ.3:1-3). അതുകൊണ്ട് പാപത്തിനു അവനെതന്നെ മരിപ്പിച്ചു, എന്നാൽ ദൈവത്തോട് കൂടെ ജീവിക്കുന്നു (റോമ. 6:11). അവൻ തന്റെ അവയവങ്ങളെയല്ലെ സമർപ്പിക്കുന്നത്. അനീതിയുടെ ആയുധങ്ങളായിട്ട് പാപത്തിനു, പ്രത്യുത താൻ സ്വയമായിട്ട് ദൈവത്തിങ്കലേയ്ക്കു സമർപ്പിക്കുകയാണ് ചെയ്തത്, മരിച്ചവരിൽ നിന്നു ജീവിക്കപ്പെട്ടവനായിട്ട് അവന്റെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായിട്ട് പാപത്തിനു, പ്രത്യുത താൻ സ്വയമായിട്ട് ദൈവത്തിങ്കലേയ്ക്ക് സമർപ്പിക്കുകയാണ് ചെയ്തത്, മരിച്ചവരിൽ നിന്നു ജീവിക്കപ്പെട്ടവനായിട്ട് അവന്റെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായിട്ട് ദൈവത്തിങ്കലേയ്ക്കു സമർപ്പിക്കുന്നു. ആയതിനാൽ തന്റെ അന്വേഷണം ഉയരത്തിൽ ഉള്ളതിനെ നേടി എടുക്കുവാൻ ആയിരുന്നു, അതുപോലെ ഉയരത്തിൽ ഉള്ളതിനെ സ്നേഹിക്കുവാൻ തീരുമാനിച്ചു. ഇന്ദ്രിയജയം നേടി എടുത്തുകൊണ്ട് " ആകയാൽ ദുർന്നടപ്പു, അശുദ്ധി, അതിരാഗം, ദുർമോഹം, വിഗ്രഹാരാധനയായ അത്യാഗ്രഹം ഇങ്ങനെ ഭൂമിയിലുള്ള നിങ്ങളുടെ അവയവങ്ങളെ മരിപ്പിൻ" (കൊലൊ. 3:1-5).

പുതിയത് എന്നാൽ അത് വളരെ ജ്ഞാനത്തിന്റെതാണ്, അതു രണ്ടിനോട് ബന്ധപ്പെട്ടിട്ടുള്ളതാണ്, അതായത് തിന്മയെ ഒഴിവാക്കിയും നന്മയെ കൂട്ടിച്ചേർത്തും ആയ അവസ്ഥ. ഇതിനെ അപ്പോസ്തലനായ പൗലൊസ് രണ്ട് കാര്യങ്ങളിൽ കൂടി വ്യക്തമാക്കുകയാണ്: നീതികരണവും വിശുദ്ധിയും. " മുമ്പിലത്തെ നടപ്പു സംബന്ധിച്ചു ചതിമോഹങ്ങളാൽ വഷളായിപ്പോകുന്ന പഴയമനുഷ്യനെ ഉപേക്ഷിച്ചു നിങ്ങളുടെ ഉള്ളിലെ ആത്മാവു സംബന്ധമായി പുതുക്കം പ്രാപിച്ചു സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾവിൻ " (എഫെ. 4:22-24). അക്ഷരാർത്ഥത്തിൽ പറഞ്ഞാൽ സത്യത്തിന്റെ നീതീകരണവും വിശുദ്ധീകരണവും എന്നാൽ അത് സത്യത്തിൽ തന്നെ നിലകൊള്ളുന്നതാണ്. അതുകൊണ്ട് പുതിയ മനുഷ്യൻ എന്നതുകൊണ്ട് അർത്ഥം ആക്കുന്നത് അവർ വിശുദ്ധരും നീതിമാൻമാരും എന്നാണ്, അകത്തും പുറത്തും മനുഷ്യന്റെയും ദൈവത്തിന്റെയും മുമ്പാകെ ഒരുപോലെ സുവിശേഷത്തെയും നിയമത്തെയും ബഹുമാനിക്കുന്നവരും, അങ്ങനെ സത്യത്തിൽ കൂടെ ഉള്ള ഒരു മുന്നേറ്റം.

അങ്ങനെ പുതിയ ഒരു നിലവാരം, അല്ലെങ്കിൽ അവസ്ഥ, ഒരു പുതിയ ധാർമ്മികതയുടെ സ്വഭാവം, ഒരു പുതിയ ജീവിതം, ഒരു പുതിയ സന്തോഷം, ഒരു പുതിയ പ്രവർത്തനം, ഒരു പുതിയ പ്രതിഷ്ഠ അതിനായിട്ടാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. അവന്റെ പുത്രന്റെ സ്വരൂപത്തോട് നാം അനുരൂപപ്പെടുന്നതിനായിട്ട് ദൈവം നേരത്തെ വിധിക്കപ്പെട്ടവർ ആണ് നാം, തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന് (റോമ. 8:29), നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കന്മാരും ആകേണ്ടതിനു അവൻ ലോകസ്ഥാപനത്തിനു മുമ്പെ നമ്മെ തിരഞ്ഞെടുക്കയും " (എഫെ. 1:4).

വിശുദ്ധിക്കായുള്ള വിളി

ദൈവം നമ്മെ വിശുദ്ധിക്കായിട്ട് ആണ് വിളിച്ചിരിക്കുന്നത് (1തെസ്സ. 4:7). അതായത് നമുക്ക് ഉണ്ടായിരിക്കേണ്ടത് നമ്മുടെ ഫലം ആയ വിശുദ്ധീകരണം ആണ്(റോമ. 6:22). നമ്മുടെ ഹൃദയം ഉറപ്പിക്കേണ്ടത്. വിശുദ്ധീകരണത്തിൽ അനിന്ദ്യരായി തീരേണ്ടതിനാണ് (1തെസ്സ. 3:13). നാം വിശുദ്ധ ജീവനവും ഭക്തിയും ഉള്ളവരായിരിക്കുന്ന കാര്യത്തിൽ സമ്പന്നരായിരിക്കേണം (2പത്രോ.3:11), " നാം വിശുദ്ധ പുരോഹിതവർഗ്ഗം " (1പത്രോ. 2:5) ആയിരിക്കേണം വിളിച്ച വിശുദ്ധനു ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവൻ (1പത്രോ. 1:15). വിശുദ്ധ വിളി കൊണ്ട് വിളിക്കുകയും ചെയ്തതു (2 തിമൊ.1:9). " നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിനു ലോകസ്ഥാപനത്തിനു മുമ്പേ നമ്മെ അവനിൽ തിരഞ്ഞെടുത്തു " (എഫെ. 1:4).

വിശുദ്ധീകരണം എന്നാൽ ദൈവത്തിന്റെ വിശുദ്ധീകരണം പോലെ ആകുക, അതായത് യിസ്രായേലിന്റെ പരിശുദ്ധനായവൻ, സ്വർഗ്ഗത്തിൽ ഉച്ചത്തിൽ ദൂതഗണങ്ങൾ സ്തുതിക്കുന്നവൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ (വെളി. 4:8). ഇത് ക്രിസ്തുവിനെ പോലെ ആകേണ്ടതിനാണ്, അവൻ ആണല്ലോ പവിത്രൻ, നിർദ്ദോഷൻ, നിർമ്മലൻ, പാപികളേട് വേറുവിട്ടവൻ (എബ്രാ.7:26). ഇത് തിന്മയിൽ നിന്നോ, തിന്മയുടെ ലോകത്തിൽ നിന്നോ ഉള്ള താല് ക്കാലികമായ ഒരു വേർപാട് മാത്രമല്ല; പ്രത്യുത ദൈവത്തിങ്കലേയ്ക്കു അവിടുത്തെ ശുശ്രൂഷ (സേവന)ത്തിലേക്ക് ഉള്ള ഒരു വേർതിരിവാണ്.

ഇവിടെ വിശുദ്ധീകരണം അല്ലെങ്കിൽ പവിത്രീകരണം ഇത് നമ്മുടെ വ്യക്തിത്വത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കു വ്യാപിക്കുകയും വ്യക്തിത്വത്തിൽ പൂർണ്ണമായിട്ട് നിറയുകയും, ജീവിതത്തൽ മുഴുവൻ അത് പടരുകയും നാം ആയിരിക്കുന്നിടത്തെല്ലാം അതിന്റെ സ്വാധീനത ഉണ്ടാകുകയും അല്ലെങ്കിൽ പ്രവർത്തിക്കുകയും അല്ലെങ്കിൽ ചിന്തിക്കുകയും. അല്ലെങ്കിൽ സംസാരിക്കുകയും അല്ലെങ്കിൽ പദ്ധതി ആവിഷ്ക്കരിക്കുകയും അല്ലെങ്കിൽ വലുതോ ചെറുതോ അകത്തു അല്ലെങ്കിൽ പുറത്തു നിഷേധികവും അല്ലെങ്കിൽ അസന്ദിഗ്ദ്ധമായതും, നമ്മുടെ ദു:ഖങ്ങളും നമ്മുടെ സന്തോഷങ്ങളും നമ്മുടെ പുതിയ സൃഷ്ടികൾ, നമ്മുടെ ബിസിനസ്സ്, നമ്മുടെ നിശബ്ദതകൾ, നമ്മുടെ സംഭാഷണങ്ങൾ, നമ്മുടെ വായനകൾ, നമ്മുടെ എഴുത്തുകൾ, നമ്മുടെ പുറത്തേക്കുള്ള യാത്രകളും മടങ്ങിവരവുകളും നമ്മുടെ മുഴുവൻ മനുഷ്യന്റേതായ ആത്മാവിന്റെയും ദേഹത്തിന്റെയും ദേഹിയുടെതുമായ എല്ലാ ചലനങ്ങളും, ഭവനത്തിനകത്തും, ദേവാലയത്തിലും, വ്യാപാര സ്ഥലങ്ങളിലും, കടകളിലും മേശയിങ്കലും, ഹൈവേകളിലും ഇത് കാണപ്പെടേണം. നമ്മുടെ ജീവിതം അത് വളരെ പവിത്രതയുള്ളതാണ്.

നമ്മോടുള്ള ദൈവത്തിന്റെ സന്ദേശം, നീതിക്കു നിർമ്മദരായി ഉണരുവിൻ; പാപം ചെയ്യാതിരിപ്പിൻ (1കൊരി. 15:34). " ഞാൻ വിശുദ്ധൻ ആകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ " (1 പത്രോ. 1:16). നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന്റെ പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ (റോമ. 12:1).

(ശേഷം 6-ാം പേജിൽ)

ദൈവമേ എന്നെ ശോധന ചെയ്യുക

By Leonard Ravenhill

പരിശുദ്ധാത്മാവിന്റെ സുസ്ഥിരമായതും നിലനിൽക്കുന്നതുമായ ശക്തിയെ നാം സൂക്ഷ്മ പരിശോധന ചെയ്തു പോകുകയാണെങ്കിൽ നാം വഞ്ചിതരാകുകയോ, ശിക്ഷിക്കപ്പെടുകയോ ചെയ്യുകയില്ല. “ കുരുടനായ വ്യക്തിയോട് യേശു പറഞ്ഞത്, ഞാൻ നിനക്ക് എന്ത് ചെയ്തു തരേണമെന്നു നീ ഇച്ഛിക്കുന്നു എന്നു ചോദിച്ചതിനു റബ്ബൂനീ, എനിക്കു കാഴ്ച പ്രാപിക്കേണമെന്നു കുരുടൻ അവനോട് പറഞ്ഞു ” (മർ.10:51).

നാം അവനോട് പ്രാർത്ഥിക്കണം, കാഴ്ച ലഭിക്കുന്നതിനുവേണ്ടി മുകളിലോട്ടും, അകത്തേക്കും, പുറത്തേയ്ക്കും, അപ്പോൾ യെശയ്യാവിനെപ്പോലെ നമുക്കു മുകളിലേയ്ക്കു നോക്കാം, നമുക്ക് ദർശിക്കുവാൻ സാധിക്കും. കർത്താവിന്റെ പൂർണ്ണ വിശുദ്ധിയോട്: അകത്തേക്ക് നാം നോക്കുമ്പോൾ നമുക്ക് തന്നെ ബോധ്യപ്പെടും. ശുദ്ധീകരണത്തിന്റെയും ശക്തിയുടെയും ആവശ്യകത; നാം പുറത്തേക്ക് നോക്കുമ്പോൾ നാം ദർശിക്കുന്ന ഒരു ലോകം മുഴുവനും നശിക്കുന്നതായിട്ടും ഒരു രക്ഷകന്റെ ആവശ്യകതയെകുറിച്ചു.

“ ദൈവമേ, എന്നെ ശോധന ചെയ്തു എന്റെ ഹൃദയത്തെ അറിയേണമേ; എന്നെ പരീക്ഷിച്ചു എന്റെ നിനവുകളെ അറിയേണമേ. വ്യസനത്തിനുള്ള മാർഗ്ഗം എന്നിൽ ഉണ്ടോ എന്നു നോക്കി ശാശ്വതമാർഗ്ഗത്തിൽ എന്നെ നടത്തേണമേ” (സങ്കീ. 139:23,24).

അപ്പോൾ മാത്രമാണ് പ്രസംഗപീഠത്തിൽ തൈലാഭിഷേകം പ്രവർത്തിക്കുന്നത്. ജനങ്ങളിൽ ദൈവപ്രവൃത്തി വെളിപ്പെടുന്നത്. ❖

ശരിയായ മാനസാന്തരത്തിന്റെ ഏഴ് പ്രചോദനങ്ങൾ

By Richard Owen Roberts

ദൈവം നല്കപ്പെട്ടിരിക്കുന്ന മാനസാന്തരത്തിന്റെ ഏഴ് പ്രചോദനങ്ങളാണ് ഇവിടെ പരാമർശിക്കപ്പെടുന്നത്.

1. ദൈവത്തിന്റെ പരമാവകാശങ്ങൾ പരമാധികാരിയായ ദൈവം നമ്മെ സൃഷ്ടിച്ചത്; നിർമ്മിച്ചത്, അത് നമുക്കു വേണ്ടിയല്ല, അവനുവേണ്ടിയാണ്. മാനസാന്തരപ്പെടാതെ ജീവിക്കുന്നതു മുഖാന്തരം നമ്മെ സൃഷ്ടിച്ച ദൈവത്തിന്റെ പരമാവകാശത്തെ നാം ധിക്കരിക്കുകയാണ് ചെയ്യുന്നത്. നിങ്ങൾക്ക് വ്യക്തിപരമായ ഏതെങ്കിലും പ്രശ്നങ്ങൾ മാനസാന്തരപ്പെടുവാൻ ഉണ്ടെങ്കിൽ ഇപ്പോൾ തന്നെ അത് നിങ്ങൾ അറിഞ്ഞിരിക്കണം: ദൈവത്തിനും അവിടുത്തെ അവകാശം ഉണ്ട്. ഞാൻ പാപം ചെയ്യുമ്പോൾ, ഞാൻ എന്റെ സൃഷ്ടികർത്താവിന്റെ അവകാശത്തിനു എതിരായിട്ട് പാപം ചെയ്യുന്നത് ഞാൻ ഇപ്പോൾ തന്നെ കുറ്റമോചനം പ്രാപിക്കണം.

2. ദൈവത്തിന്റെ വ്യക്തി: പാപം എല്ലായ്പ്പോഴും നമ്മുടെ ദൈവത്തെ പരസ്യമായിട്ട് അപമാനപ്പെടുത്തുകയാണ് ചെയ്യുന്നത്. ദൈവത്തിനും അവിടുത്തെ അവകാശങ്ങൾ ഉണ്ട്, ദൈവം അവനിൽ തന്നെ വിശുദ്ധൻ ആണ്. അവന്റെ പേര് പരിശുദ്ധൻ എന്നാണ്. അവിടുന്ന് പാപത്തെ ഒട്ടും സഹിക്കുന്നില്ല.

3. ദൈവത്തിന്റെ വചനം. എല്ലാ പാപവും ദൈവത്തിന്റെ നിയമത്തിനു എതിരാണ്. ആരെങ്കിലും വേദപുസ്തകത്തെ സ്നേഹിക്കുന്നുണ്ടെന്ന് അവകാശപ്പെടുന്നുവെങ്കിൽ സങ്കീർത്തനക്കാരനോട് ചേർന്ന് പറയണം “ നിന്റെ ന്യായപ്രമാണം എനിക്കു എത്രയോ പ്രീയം; ഇടവിടാതെ അതു എന്റെ ധ്യാനമാകുന്നു ” (സങ്കീ. 119:97). ദൈവത്തിന്റെ നിയമത്തിന് മുമ്പിൽ അവന്റെ മാനസാന്തരത്തിനു അഗാധമായ പ്രചോദനങ്ങളായിരുന്നു തീർച്ചയായിട്ടു എല്ലാ ദൈവത്തിന്റെ വചനവും.

4. ദൈവത്തിന്റെ സ്നേഹം. എത്രയോ അത്ഭുതകരമായ പ്രവൃത്തിയാണ്. നാം മരിക്കേണ്ട സ്ഥാനത്തു സ്വർഗ്ഗീയ പിതാവ് തന്റെ പുത്രനെ അയച്ചതും മരിച്ചതും ദൈവ സ്നേഹം തന്നെ മാനസാന്തരത്തിനു ആയിട്ടുള്ള ഒരു അത്ഭുതമായ പ്രചോദനമാണ്. എങ്ങനെയാണ് ചിലർക്ക് പറയുവാൻ സാധിക്കുന്നത് ദൈവസ്നേഹം അവർക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞെന്നും, അപ്പോൾ തന്നെ പാപത്തെ പിൻതുടരുന്നതു?

5. യേശുക്രിസ്തുവിന്റെ ശരീരവും രക്തവും എപ്രകാരമാണ് ഒരുവന് കർത്താവിന്റെ മേശയിൽ വരുവാനും ഹൃദയത്തിൽ പാപത്തെ ആശ്ലേഷിക്കുവാനും സാധിക്കുന്നത്? എങ്ങനെയാണ് ഒരു വ്യക്തി തെറ്റായ ചിന്തകളിൽ മുഴുകി നടക്കുകയും തെറ്റായ പ്രവൃത്തികളിൽ ജീവിക്കുകയും ചെയ്യുന്ന സമയത്ത് തിരുവത്താഴ ശുശ്രൂഷയിൽ അനുഭവിക്കുന്ന യേശുവിന്റെ ശരീരവും രക്തവും സംബന്ധിച്ച് യാതൊരു ഓർമ്മയും കൂടാതെ ഭാഗഭാഗാക്കൾ ആയി തീരുന്നത്? ക്രൂശീകരണത്തിന്റെ സകല ഓർമ്മകളോടുകൂടെയും യേശുക്രിസ്തുവിന്റെ പരമയാഗത്തെ കുറിച്ചുള്ള എല്ലാ ഓർമ്മകളും വളരെ ശക്തമായതും ആഴമുള്ളതുമായ മാനസാന്തരമാണ് ഉളവാക്കുന്നത്.

6. ദൈവകോപം.എല്ലാ പാപികളും വളരെ വ്യക്തമായിട്ട് വെളിപ്പെട്ട ദൈവവചനത്തിന്റെ മുന്നറിയിപ്പിനു മുമ്പാകെ പ്രചോദനം ഉള്ളവരായി തീരണം. “ ഇത്ര വലിയ രക്ഷ ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റു ഒഴിയും ” (എബ്രാ. 2:4).

7. നമുക്കു വേണ്ടിയുള്ള ദൈവത്തിന്റെ ആഗ്രഹം. മാനസാന്തരപ്പെടാതെ നാം എത്ര കാലഘട്ടങ്ങൾ നാം ജീവിക്കുന്നുവോ, നാം നഷ്ടമാക്കുകയാണ് ദൈവത്തിന് നമ്മിലുള്ള ആഗ്രഹത്തെയും ദൈവരാജ്യത്തിൽ നിന്നു നാം വഴുതിമാറുകയുമാണ് ചെയ്യുന്നത്.

അവിടുത്തെ കരുണയാൽ, ഓ ദൈവമേ, ഞങ്ങളിൽ ആരും തന്നെ അവിടുത്തെ ആഗ്രഹത്തിൽ നിന്നു വഴുതിമാറുവാൻ അനുവദിക്കരുത്. ഞങ്ങൾ പൂർണ്ണമായിട്ട് പ്രചോദിതരായി മാറുകയും മുഴുവനുംപരിപൂർണ്ണവുമായ മാനസാന്തരത്തോടെ നിത്യ രാജാവായ യേശുവിന്റെ മഹത്വം ആയി തീരട്ടെ! ❖

(5-ാംപേജിന്റെ തുടർച്ച)

പുതുജീവനെ പ്രദാനം ചെയ്യുന്ന ആത്മാവ്

“ നിങ്ങൾ പുളിപ്പില്ലാത്തവരായിരിപ്പാൻ തക്കവണ്ണം പുതിയ പിണ്ഡം ആകേണ്ടതിനു പഴയ പുളിമാവിനെ നീക്കിക്കളവിൻ ” (1കൊരി. 5:7). കർത്താവിന്റെ നാമം ഉച്ചരിക്കുന്നവൻ എല്ലാം അനീതി വിട്ടകന്നു കൊള്ളട്ടെ എന്നും ആകുന്നു അതിന്റെ മുദ്ര (2തിമൊ. 2:19). “ നാം ഭാഗ്യകരമായ പ്രത്യാശെക്കായിട്ടു മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതയ്ക്കായിട്ടും ” (തിമൊ.2:12). അവൻ നിങ്ങളെ കറയും കളങ്കവും ഇല്ലാത്തവരായി സമാധാനത്തോടെ കാണ്മാൻ ഉത്സാഹിച്ചുകൊണ്ട് നമ്മുടെ കർത്താവിന്റെ ദീർഘക്ഷമയെ രക്ഷ എന്നു വിചാരിപ്പിൻ (2പത്രൊ. 3:14). “ നിങ്ങൾ ഏകാത്മാവിനാൽ നിലനിന്നു എതിരാളികളാൽ ഒന്നിലും കുലുങ്ങിപോകാതെ ഏകമനസ്സോടെ സുവിശേഷത്തിന്റെ വിശ്വാസത്തിനായി പോരാട്ടം കഴിക്കുന്നു എന്നു ഗ്രഹിക്കേണ്ടതിനും ക്രിസ്തുവിന്റെ സുവിശേഷത്തിനും യോഗ്യമാംവണ്ണം മാത്രം നടപ്പിൻ ” (ഫിലി. 1:27). “ ഇരുട്ടിന്റെ നിഷ്ഫല പ്രവൃത്തികളിൽ കൂട്ടാളികൾ ആകരുത്; അവയെ ശാസിക്കയത്രേ വേണ്ടതു ” (എഫെ. 5:11). “ കർത്താവായ യേശുക്രിസ്തുവിനെ തന്നെ ധരിച്ചുകൊൾവിൻ. മോഹങ്ങൾ ജനിക്കുമാറു ജഡത്തിനായി ചിന്തിക്കരുത് ” (റോമ. 13:14). പ്രവാസികളും പരദേശികളുമായ നിങ്ങളെ ആത്മാവിനോടു പോരാടുന്ന ജഡമോഹങ്ങളെ വിട്ടകന്നു ജാതികൾ

(ശേഷം 7-ാം പേജിൽ)

(6-ാംപേജിന്റെ തുടർച്ച)

പുതുജീവനെ പ്രദാനം ചെയ്യുന്ന ആത്മാവ്

നിങ്ങളെ ദുഷ്പ്രവൃത്തിക്കാർ എന്നു ദുഷിക്കുന്തോറും (1പത്രോ. 2:11).

പാപത്തിൽ നിന്ന്, അപ്പോൾ, എല്ലാ അർത്ഥത്തിലും എല്ലാ നിലയിലും ദൈവം നമ്മെ വിലിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ അശുദ്ധികളിൽ നിന്നും അനീതികളിൽ നിന്നും എല്ലാ അഴിമതികളിൽ നിന്നും, എല്ലാ വഴി വിട്ടമാർഗ്ഗങ്ങളിൽ നിന്നും എല്ലാ അനുസരണക്കേടിൽ നിന്നും എല്ലാ ജഡത്തിന്റെയും ആത്മാവിന്റെയും വൃത്തികേടുകളിൽ നിന്നും അവൻ നമ്മെ വിളിച്ചുകൊണ്ടിരിക്കുകയാണ്. അവന്റെ പുത്രനായ ക്രിസ്തുയേശു.

പരിശുദ്ധാത്മാവിന്റെ സംഭരണം

ഏത് അളവിലുള്ളതുമായ യഥാർത്ഥമല്ലാത്ത മതപരമായ നമ്മുടെ ജീവിതത്തിലുള്ള കാര്യങ്ങൾ, അത് വചനത്തിന്റെ കുറവ് കൊണ്ടല്ല. സുവിശേഷത്തിന്മേലുള്ള ഏതെങ്കിലും കാർമേഘപടങ്ങളോ, ഏതെങ്കിലും നിലയിലുള്ള അപര്യാപ്തതയോ, അല്ലെങ്കിൽ ദൈവീകമായ സ്വാതന്ത്ര്യത്തിലുണ്ടായേക്കാവുന്ന ഞെരുക്കമോ അല്ലെങ്കിൽ പിതാവ് സംതൃപ്തനായ അവിടുത്തെ പുത്രനിൽ എല്ലാ പൂർണ്ണതയും അതിന്റെ മുഴുവനായിട്ട് നിവർത്തിക്കേണ്ടതിനായിട്ടുള്ള തന്റെ പുത്രനു സംഭവിച്ചേക്കാവുന്നതായ അപ്പൂർണ്ണതകളോ ഒന്നും കൊണ്ടല്ല ഇവിടെ ഇങ്ങനെ സംഭവിച്ചിരിക്കുന്നത്. അവിടുന്ന് പരിശുദ്ധാത്മാവിനോട് നമുക്കായിട്ട് സംഭവിച്ചിരിക്കുകയാണ്. നാം അവിടുത്തെപോലെ ആ കേണ്ടതിനും. അത് ഏറ്റവും ഉന്നതമായ നിലവാരത്തിലുമുള്ളതുമാണ്. അതുകൊണ്ട് താഴെകിടയിലേക്ക് തരം താണുമാറുവാൻ അതിനെ അനുവദിക്കുന്നില്ല. ഇതിന്റെ മാതൃക അത് ദൈവികവും ആണ്, എന്നാൽ അതിന് ഇതിനോട് അനുരൂപപ്പെടുവാനുള്ള ശക്തിയും നൽകപ്പെട്ടിരിക്കുന്നു. പരിശുദ്ധനായവനേടുള്ള നമ്മുടെ കടപ്പാട് (ഉത്തരവാദിത്വം) അത് വളരെ വലുതാണ്, എന്നാൽ അതിന്റെ പൂർണ്ണത നേടിയെടുക്കുവാനായിട്ട് നമുക്ക് നല്കപ്പെട്ടിരിക്കുന്ന മാർഗ്ഗത്തിന്റെ അത്രയും വലുത് അല്ലതാനും അത്.

ക്രിസ്തുവിൽ ദൈവികത്വത്തിന്റെ പൂർണ്ണത മുഴുവനായിട്ട് അടങ്ങിയിരിക്കുന്നു. അവിടുന്ന് നമുക്കായിട്ട് പരിശുദ്ധാത്മാവിനെ കാത്തു സൂക്ഷിച്ചിരിക്കുന്നു. ഈ ആത്മാവിനെ നമുക്ക് ദാനമായിട്ടും വളരെ അധികമായിട്ട് നല്കുന്നു. അതിനാലാണ് നമുക്ക് അനുഭവിക്കുവാൻ സാധിക്കുന്നത്. നാം സ്വീകരിച്ചിരിക്കുന്ന ക്രിസ്തുവിന്റെ ദാനത്തിന്റെ അളവിനു ഒത്തവണ്ണം കൃപ ലഭിച്ചിരിക്കുന്നു”. (എ ഫെ, 4:7). ആദ്യനൂറ്റാണ്ടിലെ വിശുദ്ധന്മാർ സന്തോഷവും പരിശുദ്ധാത്മാവും നിറഞ്ഞവരായിത്തീർന്നു. (അപ്പൊ. 13.52) വീണ്ടും അവർ ആയിരുന്നത് ആത്മാവു നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും (എഫെ.5:18) എന്തുകൊണ്ടും ഇത് പരിശുദ്ധാത്മാവ് തന്നെ ആയിരുന്നു, അല്ലാതെ ഏതെങ്കിലും തരത്തിലുള്ള പ്രചോദനങ്ങൾ മുഖാന്തരം അല്ലായിരുന്നു ഞങ്ങൾക്ക് ലഭിച്ചിരുന്നത് (റോമ. 5:5).

“ പരിശുദ്ധാത്മാവ് ഞങ്ങളുടെമേൽ വന്നിരുന്നു ” (അപ്പൊ. 8:16,11 :15). പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തം പിതാവിനോട് വാങ്ങി (2:33). അവൻ നമ്മുടെ മേൽ പകർന്നു (യെഹസ്.39:29; അപ്പൊ. 10:45); ഞങ്ങൾക്ക് പരിശുദ്ധാത്മാവിനാൽ സ്നാനം ലഭിച്ചു (11:16).

“ അവൻ നമ്മുടെ അവകാശത്തിന്റെ അച്ചാരമാണ് ” എഫെ.1:14); “ അവൻ നമ്മെ മുദ്ര ഇട്ടിരിക്കുന്നു” (1:13). അവൻ നമ്മെ ദൈവീകമായ സ്വരൂപത്താലും അമൂല്യവേദവചനത്താലും മുദ്രകുത്തിയിരിക്കുന്നു. അവൻ പഠിപ്പിക്കുന്നു(1കൊരി. 2:13); “ അവൻ വെളിപ്പെടുത്തുന്നു ” (2:10) അവൻ ശാസിക്കുന്നു (യോഹ.16:8); അവൻ ശക്തീകരിക്കുന്നു (എഫെ. 3:16); അവൻ നമ്മെ ഫലം ഉളവാക്കുന്നവരാക്കുന്നു (ഗലാ. 5:22; അവൻ പ്രയാസപ്പെടുന്നു (ഉല്പ. 6:3). അവൻ അന്വേഷിക്കുന്നു (1കൊരി.2:10); അവൻ ശുദ്ധീകരിക്കുന്നു (1കൊരി. 6:11), അവൻ നയിക്കുന്നു (റോമ. 8:14). അവൻ സംസാരിക്കുന്നു (1തിമെ4:1, വെളി. 2:7), അവൻ പഠിപ്പിക്കുന്നു (നെഹെ 9:20), അവൻ പ്രദർശിപ്പിക്കപ്പെടുത്തുന്നു (അല്ലെങ്കിൽ വെളിപ്പെടുത്തുന്നു) (1കൊരി. 2:4), അവൻ മദ്ധ്യസ്ഥത വഹിക്കുന്നു (റോമ. 8:26), അവൻ ഉത്സാഹിപ്പിക്കുന്നു (8:11), അവൻ സംസാരിക്കുന്നു. (അപ്പോ. 2:4), അവൻ സൃഷ്ടിക്കുന്നു (സങ്കീ. 104:30), അവൻ ആശ്വസിപ്പിക്കന്നു (യോഹ. 14:26)ദൈവസ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്ക് അവൻ പകർന്നു (റോമ. 5:5) അവൻ നമ്മെ പുതുക്കുന്നു (തീത്തോ. 3:5).

അവൻ ആത്മാവിന്റെ വിശുദ്ധീകരണം ആണ് (റോമ. 1:4). ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവാണ് (യെശ. 11:2, എഫെ.1:17). സത്യത്തിന്റെ ആത്മാവ് ആണ് (യോഹ. 14:17), അറിവിന്റെ ആത്മാവ് (യെശ. 11:2) കൃപയുടെ ആത്മാവ് (എബ്രാ. 10:29), മഹത്വത്തിന്റെ ആത്മാവ് (1പത്രോ. 4:14)നമ്മുടെ ദൈവത്തിന്റെ ആത്മാവ് (1കൊരി. 6:11, ജീവനുള്ള ദൈവത്തിന്റെ ആത്മാവ് (2കൊരി. 3:3), നല്ല ആത്മാവ് (1പത്രോ. 1:11), സ്വീകരിക്കുന്ന ആത്മാവ് (റോമ. 8:15) ജീവന്റെ ആത്മാവ് (വെളി.11:11, അവന്റെ പുത്രന്റെ ആത്മാവ് (ഗലാ. 4:6).

ഇങ്ങനെയുള്ള പരിശുദ്ധാത്മാവിനാലാണ് നാം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നത് (2തെസ്സ. 2:13). “ നിത്യാത്മാവിനാൽ ദൈവത്തിനു തന്നെത്താൻ നിഷ്കളങ്കനായി അർപ്പിച്ച ക്രിസ്തുവിന്റെ രക്തം ജീവനുള്ള ദൈവത്തെ ആരാധിപ്പാൻ നിങ്ങളുടെ മനസാക്ഷിയെ നിർജ്ജീവ പ്രവൃത്തികളെ പോക്കി എത്ര അധികം ശുദ്ധീകരിക്കും” (എബ്രാ. 9:14). ഇങ്ങനെയുള്ള ഒരു ആത്മാവിനാലാണഅ നാം . അവനാലല്ലോ നിങ്ങൾക്ക് വീണ്ടെടുപ്പുനാളിനായി മുദ്രയിട്ടിരിക്കുന്നത്(എഫെ. 4:30) പരിശുദ്ധാത്മാവ് നമ്മെ ദൈവത്തിന്റെ നിവാസം ആക്കുന്നു (2:22), നമ്മിൽ അധിവസിക്കുന്നു(2തി 1:14), അവനാൽ നമുക്ക് പ്രത്യാശയിൽ സമൃദ്ധി ഉള്ളവരായി തീരുന്നു (റോമ. 15:13).

ഒരു വിശുദ്ധ ജീവിതത്തെ ആശ്രയിച്ചാണ് സ്വർഗ്ഗീയനായ ഈ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവാനും ആസ്വദിക്കുവാനുമുള്ള അവകാശം ലഭിക്കുന്നത്. അവനെ നമുക്ക് സ്വാഗതം ചെയ്യാം. വിഷമിപ്പിക്കുവാനല്ല, പ്രതിരോധിക്കുവാനല്ല, ദു:ഖിപ്പിക്കുവാനുമല്ല, അവനെ നിയന്ത്രിക്കുവാനുമല്ല, എന്നാൽ അവനെ സ്നേഹിക്കുവാനും അവന്റെ സ്നേഹത്തിൽ സന്തോഷിക്കുവാനും (ആത്മാവിന്റെ സ്നേഹം റോമ. 15:30). അങ്ങനെ നമ്മുടെ ജീവിതം ആത്മാവിൽ ജീവിക്കുന്നതാകുന്നു (ഗലാ. 5;25). ആത്മാവിൽ നടക്കുന്നു (5:16), ആത്മാവിൽ പ്രാർത്ഥിക്കുന്നു (യൂദ.20). ക്രിസ്തുവിന്റെ നമുക്ക് വേണ്ടിയുള്ള പ്രവർത്തിയും ആത്മാവിന്റെ നമ്മിലുള്ള പ്രവർത്തിയും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കണമെങ്കിൽ നമ്മുടെ ആത്മാവിനെ അവന്റെ മുമ്പാകെ കുറ്റമറ്റതായി കാത്തു പരിപാലിക്കണം. എന്നാൽ ഇതിന് രണ്ടിനും മദ്ധ്യേ ഏതെങ്കിലും തരത്തിൽ ഇടവേളം നൽകുകയും അരുത്; പ്രത്യുത അവർക്ക് പ്രവർത്തിക്കുവാനുള്ള അവസരം നല്കികൊടുക്കുകയാണ് വേണ്ടത്. അതുകൊണ്ട് നമുക്ക് എല്ലാവരോടും സമാധാനം ആചരിച്ചു ശുദ്ധീകരണം പ്രാപിപ്പാൻ ഉത്സാഹിപ്പിൻ. ശുദ്ധീകരണം കൂടാതെ ആരം കർത്താവിനെ കാണുകയില്ല (എബ്രാ. 12:14). നമ്മുടെ ഹൃദയത്തെ ആത്മാവിന്റെ വല്ലകൂട്ടായ്മയും ഉണ്ടെങ്കിൽ അതിനായി കാത്തു സൂക്ഷിക്കാം (ഫിലി. 2:1). പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയിൽ നമുക്ക് സന്തോഷിക്കാം (2കൊരി. 13:14).

നമ്മിൽ ക്രിസ്തുവും അവന്റെ ആത്മാവും

രണ്ടു രൂപത്തിലുമുള്ള

(ശേഷം 8-ാം പേജിൽ)

(1-ാംപേജിന്റെ തുടർച്ച)

മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നമ്മിൽ

യ്മയിൽ ഉള്ള ഒരാൾ ആണെങ്കിൽ താങ്കൾ അനുഭവിച്ചറിയുവാൻ പോകുകയാണ് അവിടുന്ന് ചെയ്തതെല്ലാം.

ആൻഡ്രൂ മുറെ ഇത്രയും ആശ്ചര്യകരമായതു വിവരിച്ചിരിക്കുന്നതു ഒന്നു ശ്രദ്ധിക്കാം. (യേശു) പരിശുദ്ധിയെ കുറിച്ച് സംസാരിക്കുന്നു, ശക്തി സ്വർഗ്ഗത്തിലെ നമ്മുടെ ജീവിതത്തെ കുറിച്ച്, നാം അവനോടുകൂടെ സ്വർഗ്ഗത്തിൽ വസിക്കുന്നു. അവനോട് കൂടെ നമ്മുടെ ഹൃദയത്തിൽ നമുക്ക് സ്വർഗ്ഗ രാജ്യം നമ്മിൽ തന്നെ ആകുന്നു, അവിടെയാണ് ദൈവത്തിന്റെ ഇഷ്ടം നിറവേറ്റപ്പെടുന്നത്, സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും. നമുക്ക് വിശ്വസിക്കാം ഇത് ഏറ്റവും സത്യം ആണെന്ന്. വളരെ ലളിതവും എന്നാൽ അഗാധവുമായ ഒരു വാസ്തവം ആണ് ദൈവമക്കളെ ക്രിസ്തു നമ്മിൽ ഉണ്ടെന്നുള്ളത്. "ഞാൻ ക്രിസ്തുവിനോട് കൂടെ ക്രൂശിക്കപ്പെട്ടരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു" (ഗലാ. 2:20). അത്ഭുതപ്പെടേണ്ടതില്ല. നാം അവന്റെ ശക്തിയാൽ നിറഞ്ഞു കവിയേണ്ടതിന് എന്തുകൊണ്ടെന്നാൽ അവിടുന്നു സർവ്വശക്തൻ ആയവനും അവന്റെ ഉയിർപ്പിന്റെ ശക്തിയും ഊർജ്ജവും നമ്മിൽ വളരെ ശക്തിയോട് കൂടി പ്രവർത്തിക്കുന്നു. (എഫെ. 1:19; 3:20; കൊലൊ. 1:29).അത്ഭുതപ്പെടേണ്ടതില്ല നാം അവന്റെ സ്നേഹത്താൽ നിറഞ്ഞ് കവിയുമ്പോൾ, എന്തുകൊണ്ടെന്നാൽ അവിടുന്ന് സ്നേഹം ആണ് (1യോഹ. 4:8). അതുപോലെ പരിശുദ്ധാത്മാവിനാൽ അവൻ നമ്മുടെ ഹൃദയങ്ങളിലേക്കു അത് പകർന്ന് നല്കുകയും ചെയ്യുന്നു. (റോമർ 5:5). അത്ഭുതപ്പെടേണ്ടതില്ല നാം സന്തോഷത്താൽ നിറയപ്പെട്ടവരാണ്, എന്തുകൊണ്ടെന്നാൽ സന്തോഷത്തിന്റെ സമ്പൂർണ്ണത അവന്റെ സാന്നിദ്ധ്യത്തിൽ നിന്ന് വരുന്നു (സങ്കീ. 16:11).. അത്ഭുതപ്പെടേണ്ടതില്ല വളരെ ആഴത്തിലുള്ള സമാധാനത്തിൽ വസിക്കുന്നവരാണ്. എന്തുകൊണ്ടെന്നാൽ അവൻ സമാധാനത്തിന്റെ ദൈവവും അവിടുന്ന് എല്ലാ നാളും എല്ലാ വഴികളിലും സമാധാനം നമ്മിൽ നല്കുകയും ചെയ്യുന്നു. (2തെസ്സ. 3:16). അത്ഭുതപ്പെടേണ്ടതില്ല. നമുക്ക് വിശുദ്ധവും ദൈവീക ജീവതവും നയിക്കുവാൻ സാധിക്കും. എന്തുകൊണ്ടെന്നാൽ അവൻ നമ്മെ ശുദ്ധീകരിക്കുന്നവനാണ് (എബ്രാ. 2:11), അവൻ നമുക്ക് ദൈവത്തിൽ നിന്നു ജ്ഞാനവും നീതിയും ശുദ്ധീകരണവും വീണ്ടെടുപ്പുമായിതീരുന്നു " (1കൊരി. 1:3). വേറൊരു തരത്തിൽ പറഞ്ഞാൽ അവൻ ആകുന്നു നമ്മുടെ ജീവൻ (കൊലൊ. 3:4).

മാനസാന്തരവും ഉണർവ്വും

ചില സത്യങ്ങൾ എല്ലാം തന്നെ മാനസാന്തരത്തെ കൂടുതൽ പ്രാധാന്യം ഉള്ളതാക്കുന്നു. എത്രയോ ഭയാനകം ആണ്. നാം സമൃദ്ധിയായ ജീവിതവും വളരെ ഫലം നിറയപ്പെട്ടവരും ആണ്. എന്തുകൊണ്ടെന്നാൽ നമ്മുടെ ജീവിതത്തിലെ ഏതെങ്കിലും പാപം നിമിത്തം ആയിരിക്കാം അങ്ങനെ സംഭവിക്കുന്നത്. ദൈവത്തിന്റെ സ്നേഹവും നമ്മെക്കുറിച്ചുള്ള ഭാരവും നിമിത്തം മാനസാന്തരത്തിനായിട്ടു വിളിച്ചുകൊണ്ടിരിക്കുന്നു. റോമാലേഖനത്തിൽ നാം കാണുന്നതുപോലെ " നീ അവന്റെ ദയ, ക്ഷമ, ദീർഘക്ഷാന്തി എന്നിവയുടെ ഐശ്വര്യം നിരസിക്കുന്നുവോ? (റോമ. 2:4). ക്രിസ്തു തന്നെ പറയുന്നത്, " എനിക്കു പ്രീയമുള്ളവരെ ഒക്കെയും ഞാൻ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നു. ആകയാൽ നീ ജാഗ്രതയുള്ളവനായിരിക്ക; മാനസാന്തരപ്പെടുക" (വെളി. 3:19). അവൻ മാനസാന്തരപ്പെടേണം എന്നു പറയുന്നു, കാരണം മാനസാന്തരം രക്ഷയിലേക്കു ജീവങ്കലേയ്ക്കു ചൈതന്യത്തിലേക്കു നടത്തുന്നു. കർത്താവിന്റെ സമ്മുഖത്തു നിന്നു ആശ്വാസ കാലങ്ങൾ വരികയും ചെയ്യും (2 കൊരി. 7:10, അ.പ്പോ. 11:18; 3:19).

ഇതാകുന്നു സമയം, അതുകൊണ്ട് നല്ലവണ്ണം മാനസാന്തരപ്പെട്ടു ദൈവത്തെ അന്വേഷിച്ച് ഉണർവ്വിൽ എത്തിച്ചേരാം. ഇനിയും പാപവും ഉത്സാഹമില്ലായ്മയും ആത്മസംതൃപ്തി ഇല്ലാതെയും ആകുവാൻ പാടില്ല. ഈ സമയം നാം അവങ്കലേയ്ക്കു മടങ്ങി വന്ന് നമ്മെതന്നെ മുഴുവനായിട്ട് അവങ്കൽ സമർപ്പിക്കുകയും അവിടുന്ന് നമ്മിൽ പൂർണ്ണമായിട്ട് പ്രവർത്തിക്കുകയും അവിടുത്തെ മഹത്വത്തിനായിട്ട് നാം ആയിതീരുകയും ചെയ്യും. നമുക്ക് ചുറ്റുമുള്ള ലോകം കാണുകയും ജീവിതം, സ്നേഹം ശക്തി, നീതി, സന്തോഷം, ക്രിസ്തുവിന്റെ നമ്മിലുള്ള സമാധാനത്തെയും കണ്ടുമുട്ടുകയും ചെയ്യാം. " അവൻ വളരണം, നാം കുറയേണം " (യോഹ. 3:30). മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നമ്മിൽ (കൊലൊ. 1:27). ❖

(7-ാംപേജിന്റെ തുടർച്ച)

പുതുജീവനെ പ്രദാനം ചെയ്യുന്ന ആത്മാവ്

പ്രകടനം പരസ്പരമായതു അല്ലെങ്കിൽ അന്യോന്യമായതുമായ ക്രിസ്തുവിന്റെ നമ്മിലുള്ള വാസവും അതുപോലെ നമ്മിലുള്ള പരിശുദ്ധാത്മാവിനെയുമാണ് കൊണ്ടുവരുന്നത്. ഇതിനെ പ്രത്യേക പരിഗണനയോട് കൂടി വേണം കാണുവാൻ. ക്രിസ്തു നമ്മിൽ (കൊലൊ. 1:27) ഇത് ഒരു ഭാഗമാണ്. നാം ക്രിസ്തുവിൽ ഇത് മറുഭാഗവുമാണ് (2കൊരി. 5:17) പരിശുദ്ധാത്മാവ് നമ്മിൽ (റോമ. 8:9) ഇത് ഒരു വീക്ഷണമാണ്, നമ്മൾ ആത്മാവിനാൽ ജീവിക്കുന്നു. (ഗലാ 5:25) ഇത് മറ്റൊരു വീക്ഷണം ആണ്. കൂടാതെ വീണ്ടും പറയട്ടെ ഈ രണ്ട് പ്രകാശനത്തിൽ കൂടെയും ദൈവത്വത്തെ വളരെ പ്രധാനപ്പെട്ട വാക്കുകളിൽ കൂടി വെളിപ്പെടുത്തുകയാണ്. യേശു ദൈവപുത്രൻ എന്നു സ്വീകരിക്കുന്നുവെങ്കിൽ ദൈവവും അവൻ ദൈവത്തിലും വസിക്കുന്നു (1യോഹ. 4:15).

ഇതിൽ യാതൊരു ബാഹ്യരൂപവും കാണുവാൻ കഴിയുന്നില്ലെങ്കിലും, ഇത് ശക്തവും പൂർണ്ണവുമാണ്. വളരെ അടുത്ത് ബന്ധപ്പെടുവാൻ സാധിക്കുന്നതും ബന്ധത്തിന്റെ സമീപം ആയതും ഏകനായവനിൽ നമ്മെ ഒരുമിച്ച് കൂട്ടികൊണ്ടുവന്നതും ദൈവപുത്രന്റെ വ്യക്തിത്വത്തെകുറിച്ചു പ്രവർത്തിയെ കുറിച്ചുള്ള ദൈവീകമായ സാക്ഷ്യം സ്വീകരിക്കുവാനും നമുക്ക് സാധിച്ചു. നമ്മെ വളരെ ശക്തമായിട്ട് ഒരു വിശുദ്ധജീവിതം നയിക്കുവാൻ വേണ്ടി സമർപ്പിച്ചിട്ടില്ലേ, അത് ഫലവത്തായ നിലയിൽ പുറത്ത് കാണിക്കുന്നതിനുവേണ്ടിയുള്ള എല്ലാം അത്യാവശ്യകാര്യങ്ങൾ പ്രദാനം ചെയ്യപ്പെട്ടിട്ടില്ലേ? നശിക്കുന്ന നമ്മുടെ ജീവിതത്തിലേയ്ക്കു ഇങ്ങനെയുള്ള ശക്തിയുടെ പൂർണ്ണത നിക്ഷേപിച്ചപ്പോൾ അതിനുള്ള നമ്മുടെ പ്രത്യുപകാരമായ ഉത്തരവാദിത്വം എന്താണ്! ദൈവദിവസത്തിന്റെ വരവു കാത്തിരുന്നും ബദ്ധപ്പെടുത്തിയും കൊണ്ട് നിങ്ങൾ എത്ര വിശുദ്ധജീവനുവും ഭക്തിയും ഉള്ളവർ ആയിരിക്കേണം (2പത്രൊ. 3:11).

അങ്ങനെ ഇവിടെ പ്രദർശിപ്പിച്ചിരിക്കുന്ന എല്ലാ വസ്തുനിഷ്ടമായ സത്യങ്ങളിൽ കൂടെയും ഞങ്ങൾക്ക് ദൈവരാജ്യത്തിന്റെ വരവും മഹത്വും പ്രതീക്ഷിച്ചുകൊണ്ട്, നമ്മുടെ എല്ലാ പ്രവർത്തന ഹേതുവായതിന്റെ എല്ലാ വശത്തിന്റെയും വ്യാപ്തി ശരിയാക്കികൊണ്ടു, ഭൗതികമായ എല്ലാ ഘടകങ്ങളും ഉപകരണങ്ങളും ഏറ്റവും യുക്തമാക്കി തീർത്തുകൊണ്ട് നാം എന്താണോ അർത്ഥം ആക്കിയിരിക്കുന്നത് അതു തന്നെ ആകട്ടെ തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു(1പത്രൊ. 2:9). സൽപ്രവൃത്തികളിൽ ശുഷ്കാന്തിയുള്ളോരു (തീത്തോ. 2:14), തേജസ്സും മാനവും അക്ഷയതയും(റോമ. 2:7) ഇതിന്റെ അവകാശികളും ആക്കി തീർത്തു. ❖

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975